# ഒരു ബദവി ബുദ്ധിജീവിയുടെ മരണം

വി.എ കബീർ

**കഴിഞ്ഞ** ബലിപെരുന്നാൾ ദിനം മാധ്യമങ്ങളിലൊക്കെ നിറഞ്ഞുനിന്ന വാർത്ത സദ്ദാമിന്റെ ദാരുണമായ അന്ത്യമായിരുന്നു. എന്നാൽ ജനുവരി 7-ന് നടന്ന മറ്റൊരു മരണം ലോക വാർത്താമാധ്യമങ്ങൾക്ക് വാർത്തയാകാത്തതിൽ അത്ഭുതമില്ല. ആ വാർത്ത അറബ്മാധ്യമങ്ങളിൽ മാത്രം ഒതുങ്ങി. തുർക്കി അലി അർറബീഊ എന്ന നാമധേയം *പ്രബോധനം* വായനക്കാർക്കും ഒട്ടും പരിചയമില്ലാത്തതാണ്. അദ്ദേഹത്തിന്റെ ലേഖനങ്ങൾ ഒന്നുപോലും മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുമില്ല. എങ്കിലും വർഷങ്ങളായി റബീഊവിനെ വായിക്കുന്ന ഒരാളെന്ന നിലക്ക് അദ്ദേഹത്തിന്റെ വിയോഗം വലിയൊരു നഷ്ടമായി മനസ്സിനെ വ്യാകുലപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

ഒരു പ്രത്യേകതരം അക്കാദമീഷ്യനായിരുന്നു റബീഊ. അദ്ദേഹത്തിന്റെ പുസ്തകങ്ങളൊന്നും വായിക്കാനുള്ള ഭാഗ്യമുണ്ടായിട്ടില്ല. *അൽ ഇസ്‌ലാം വമൽഹമത്തുൽ ഖുൽഖ്* (ഇസ്‌ലാമും ധർമേതിഹാസവും), *നഖ്ദുൽ ഖിത്വാബിത്ത ഖദ്ദുമിൽ അറബി* (അറബ് പുരോഗമനവാദ സംബോധനം വിമർശിക്കപ്പെടുന്നു) തുടങ്ങി കനപ്പെട്ട പല കൃതികളുടെയും കർത്താവാണ് റബീഊ. അദ്ദേഹത്തിന്റെ മിക്ക എഴുത്തുകളും ഇസ്‌ലാമിക വിഷയങ്ങളെ സ്പർശിച്ചുകൊണ്ടുള്ളതാണ്. ഈ ലേഖകൻ ഖത്തറിലായിരുന്നപ്പോൾ അവിടത്തെ പുസ്തകശാലകളിലൊന്നും അവ അന്വേഷിച്ചെങ്കിലും കണ്ടെത്താനായില്ല. എങ്കിലും അദ്ദേഹത്തിന്റെ ആഴ്ചക്കോളം ഖത്തറിലെ *അർറായ* പത്രവും ലണ്ടനിലെ *അൽഹയാത്തും* പ്രസിദ്ധീകരിച്ചിരുന്നത് പതിവായി വായിച്ചുപോന്നിരുന്നു. എഡ്വേർഡ് സഈദ്, ബർനാർഡ് ലെവിസ്, മുഹമ്മദ് ജാബിർ അൽ ആബിദി, രിദ്‌വാൻ അസ്സയ്യിദ്, മുഹമ്മദ് അർകൂർ, ഫ്രെഡ് ഹാലിഡെ തുടങ്ങിയ ഓറിയന്റൽ പഠനകർത്താക്കളെ തികച്ചും അക്കാദമികമായി നിരൂപണം ചെയ്യുന്ന റബീഊവിന്റെ ലേഖനങ്ങൾ ആ രംഗത്ത് നിലവിലുള്ള പൊതുധാരയിൽനിന്ന് വ്യത്യസ്തത പുലർത്തുന്നതാണ്. ഏതെങ്കിലും സംഘടനകളോടോ പ്രസ്ഥാനങ്ങളോടോ അദ്ദേഹത്തിന് ഒരുവിധ ബന്ധവുമുണ്ടായിരുന്നില്ല. എന്നിട്ടും ഇസ്‌ലാമിസ്റ്റുകളെയും 'രാഷ്ട്രീയ ഇസ്‌ലാമി'നെയും ഇസ്‌ലാമിക പ്രശ്നങ്ങളെയും കുറിച്ചുള്ള എഴുത്തുകളിലെ വാർപ്പുമാതൃകകളെ നെടുകെ ഛേദിക്കുന്നതിൽ അഭിജാതമായ ആ ആലേഖനശൈലിക്ക് വിജയിക്കാനായി; എഴുത്തിന്റെ പൊതുധാരകളിൽനിന്ന് വേറിട്ടുനിന്നുകൊണ്ടുതന്നെ. ഇസ്‌ലാമിക പ്രമേയങ്ങളുടെ ലിബറലിസ്റ്റ്-സെക്യുലർ വിശകലനങ്ങളിലെ മറുപാഠത്തിലേക്കുള്ള ഒരു ചൂണ്ടുവിരലായിരുന്നു അദ്ദേഹത്തിന്റെ രചനകൾ. 'പർദ മറ്റൊരു വീക്ഷണം' എന്നതായിരുന്നു അദ്ദേഹം ഒടുവിലെഴുതിയ കോളത്തിലെ വിഷയം. ഈജിപ്തിലെ സാംസ്കാരിക മന്ത്രി, പത്രസമ്മേളനത്തിൽ പർദ ധരിച്ചെത്തിയ ഒരു പത്രപ്രവർത്തകയെ ഇകഴ്ത്തി സംസാരിച്ചത് ചൂടുപിടിച്ച വിവാദമായ പശ്ചാത്തലത്തിലാണ് റബീഊ പ്രസ്തുത ലേഖനം എഴുതുന്നത്. പർദ പശ്ചാൽ ഗമനത്തിന്റെയും സ്ത്രീപീഡനത്തിന്റെയും അജ്ഞതയുടെയും പ്രതീകമായി യൂറോപ്യൻ ജ്ഞാനോദയത്തിന്റെ വെളിച്ചത്തിൽ അവതരിപ്പിക്കപ്പെടുന്ന ആധുനികവാദികളുടെ സാമ്പ്രദായിക വീക്ഷണത്തെ ഡോ. ബഅ്ദുദ്ദീൻ ഇബ്റാഹീമിന്റെയും (ഇബ്നു ഖൽദൂൻ സെന്റർ ഡയറക്ടർ) സുഊദി ആന്ത്രോപ്പോളജിസ്റ്റ് മയ് യമാനിയുടെയും പുതിയ പഠനങ്ങളുടെ വെളിച്ചത്തിൽ പോസ്റ്റ്



*അലി അർറബീഊ*




*അലി അർറബീഊവിന്റെ പുസ്തകങ്ങൾ*

മോർട്ടം ചെയ്യുകയാണ് റബീഊ. പുതിയ തലമുറയിലെ യൂനിവേഴ്സിറ്റി വിദ്യാർഥിനികൾ സ്വമേധയാ സ്വീകരിക്കുന്ന പർദയുടെ വ്യാപകത്വത്തെ പുരോഗമനത്തിന്റെ എതിർദിശയിൽ പ്രതിഷ്ഠിക്കുന്നതിലെ യുക്തിസഹതയെ റബീഊ ചോദ്യം ചെയ്യുന്നു. വസ്ത്രധാരണാ രീതിയെ പുരോഗമന ചിന്തയുടെയും പരിഷ്കാരത്തിന്റെയും മാനകമാക്കുന്നതിലെ യുക്തിയെ റബീഊ കുടയുന്നത് അതിന്റെ ആന്ത്രോപ്പോളജിക്കൽ മാനങ്ങൾ അനാവരണം ചെയ്തുകൊണ്ടാണ്. പർദ-ഹിജാബ്-യുടെ മതപരമായ വശങ്ങളിലേക്കൊന്നും റബീഊ പോകുന്നില്ല; പോവുകയുമില്ല. വിഷയത്തിൽ അദ്ദേഹത്തിനുള്ളത് അക്കാദമിക താൽപര്യം മാത്രമാണ്. ഹിജാബ് പ്രതിഭാസ പഠനത്തിലെ മെത്തഡോളജിക്കൽ താരതമ്യപഠനം എന്ന നിലക്കാണ് റബീഊ ഈ പ്രമേയം അവതരിപ്പിക്കുന്നത്. അറബ് ബുദ്ധിജീവികൾ സ്വന്തം സമൂഹത്തെ പടിഞ്ഞാറൻ സാമൂഹിക ശാസ്ത്രത്തിന്റെ സ്കെയിൽ വെച്ച് അളക്കുന്നതിലെ പന്തികേടും റബീഊവിന്റെ വരികൾക്കിടയിലൂടെ അനാവൃതമാകുന്നു. എന്നാൽ വാക്കുകളിലെവിടെയും വിമർശനത്തിന്റെ വൈകാരികമായ ആന്ദോളനങ്ങൾ അനുഭവപ്പെടുകയുമില്ല.

55 വർഷം മുമ്പ് സിറിയയിലെ ഖാംശലിയയിലാണ് റബീഊവിന്റെ ജനനം. വിജ്ഞാനങ്ങൾ അവയുടെ പ്രഭവകേന്ദ്രങ്ങളിൽനിന്നാണ് റബീഊ പഠിച്ചത്. ഖാംശലിയയിൽതന്നെ കുറേകാലം അധ്യാപകനായി കഴിഞ്ഞ ശേഷം '90-കളിൽ ദമസ്കസ്സിലേക്ക് താമസം മാറ്റി എഴുത്തുതന്നെ ഉപജീവനമാർഗമായി സ്വീകരിച്ചു. ആന്ത്രോപ്പോളജിയിലും എപ്പിസ്റ്റമോളജിയിലുമായിരുന്നു കൂടുതൽ താൽപര്യം. ബദവി ബുദ്ധിജീവി എന്ന പേരിലായിരുന്നു തുർക്കി അറിയപ്പെട്ടിരുന്നത്. 'എന്റെ വേരുകൾ ജസീറത്തുൽ അറബിലെ ത്വയ്യ് ഗോത്രത്തിലാണ്. പാരമ്പരികമായിത്തന്നെ അറേബ്യൻ ഗ്രാമ്യതയിലാണ് എനിക്ക് താൽപര്യം' എന്ന് അദ്ദേഹം തന്നെ പറയാറുണ്ടായിരുന്നു. സംസാരം ഗ്രാമ്യമായ ദ്രുതശൈലിയിലായിരുന്നു. വായനയും എഴുത്തും കഴിഞ്ഞ് മറ്റൊരു സമയം തുർക്കി റബീഊവിന്ന് ഇല്ലായിരുന്നു. രിദ്വാൻ സയ്യിദ് അദ്ദേഹത്തെ ഉദ്ധരിക്കുന്നത് ഇങ്ങനെയാണ്: "ഞങ്ങൾ ബദവികൾക്ക് ആയുസ്സ് കൂടും. എന്നാലും സമയം ആവശ്യത്തിലും കുറവായാണ് എനിക്ക് അനുഭവപ്പെടുന്നത്. നാളേക്ക് മാറ്റിവെക്കാത കഴിയുന്നതൊക്കെ ഇന്നുതന്നെ വായിച്ച് എഴുതി പ്രസിദ്ധീകരിക്കണമെന്നാണ് എന്റെ ആഗ്രഹം." ഇത് കേട്ട രിദ്വാൻ പറഞ്ഞു: '*രിസാല*യുടെ കർത്താവായ ഖുശൈരി തന്റെ ഗുരു അബൂ അലി ദഖ്ഖാഖ്: 'സമയം അരോചകമാണ് എന്ന് പറഞ്ഞതായി ഉദ്ധരിക്കുന്നുണ്ടല്ലോ.' തെല്ലിട നിശ്ശബ്ദനായ ശേഷം റബീഊവിന്റെ പ്രതികരണം: 'നിങ്ങൾ നിരൂപിക്കുന്ന അർഥമല്ല അദ്ദേഹം ഉദ്ദേശിച്ചതെന്നാണ് തോന്നുന്നത്. അടുത്ത തവണ വരുമ്പോൾ ഇതിനെക്കുറിച്ച് കൂടുതൽ പറയാം.' ഒരു മാസം കഴിഞ്ഞപ്പോൾ രിദ്വാന്റെ അടുത്ത് റബീഊ വന്നത് 'സ്വൂഫിയും ദാർശനികനും' എന്ന വിഷയത്തിലുള്ള കൈയെഴുത്തു പ്രതിയുമായാണ്.

ലൗകികതയിൽ ഒരു താൽപര്യവും റബീഊവിനുണ്ടായിരുന്നില്ല. സ്വൂഫിതലത്തിലുള്ള വിരക്തിയായിരുന്നില്ല അത്; പ്രശസ്തീകാമുകനായിരുന്നില്ല എന്ന അർഥത്തിലാണ്. താൽപര്യമുള്ള ഒരു പുസ്തകം കിട്ടിയാൽ പിന്നെ ഒന്നും ഓർമയുണ്ടാകില്ല. സദസ്സിലാണെങ്കിലും പുസ്തകത്തിൽ പൂർണമായും മുഴുകിക്കഴിഞ്ഞിട്ടുണ്ടാകും. ഒരേസമയം പല പുസ്തകങ്ങളുടെയും രചനയിൽ ഏർപ്പെടും. എല്ലാം ഒന്നിച്ച് മുഴുമിക്കുകയും ചെയ്യും. അച്ചടിക്കിടയിലും പുനഃപരിശോധനയും ശുദ്ധീകരണവും നടക്കും.

മരണക്കിടക്കയിൽ വെച്ചാണ് അദ്ദേഹം 'ഇസ്‌ലാമിക പ്രസ്ഥാനങ്ങ'ളെക്കുറിച്ച കൃതി മുഴുമിച്ചതെന്ന് രിദ്വാൻ സയ്യിദ് പറയുന്നു. മറ്റു മൂന്ന് കൈയെഴുത്തു പ്രതികൾ ഇപ്പോൾ ബെയ്റൂത്തിലെ അച്ചടിശാലയിലാണ്. അവ വെളിച്ചം കാണുമ്പോൾ റബീഊ മറ്റൊരു ലോകത്തായിരിക്കും.

കന്മഷമില്ലാത്ത ബന്ധമായിരുന്നു എല്ലാവരോടും തുർക്കിക്ക്. ആരെയും പ്രീണിപ്പിക്കുന്ന പതിവുമില്ലായിരുന്നു. അദ്ദേഹത്തിന്റെ ചില ലേഖനങ്ങൾ കുർദുകളുടെ അനിഷ്ടത്തിനിടയാക്കിയിരുന്നു. പക്ഷേ, നിലപാടുകളിൽ വിട്ടുവീഴ്ച ചെയ്യുന്ന ശീലം അദ്ദേഹത്തിന് അന്യമായിരുന്നു.

കാൻസർ ബാധിച്ചാണ് റബീഊ മരിച്ചത്. രോഗബാധയെക്കുറിച്ച് നേരത്തേ അറിഞ്ഞിരുന്നെങ്കിലും കുടുംബത്തോടും സുഹൃത്തുക്കളോടുമൊന്നും അതേപ്പറ്റി പറഞ്ഞിരുന്നില്ല. ബെയ്റൂത്തിലെ അമേരിക്കൻ ഹോസ്പിറ്റലിൽ ഭാര്യ മുൻകൈയെടുത്താണ് അദ്ദേഹത്തെ തുടർചികിത്സക്കെത്തിച്ചത്. ചികിത്സക്കിടയിലും ഫോൺ ചെയ്ത് വൈജ്ഞാനിക ചർച്ചകളിലൂടെ ആശ്വാസം കണ്ടെത്താനാണ് അദ്ദേഹം ശ്രമിച്ചിരുന്നതെന്ന് രിദ്വാൻ സയ്യിദ് അനുസ്മരിക്കുന്നു. ■